# കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (SUPPLYCO)

## അഡ്മിറ്റ് കാർഡ്
## ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ - യോഗ്യതാ പരീക്ഷ

നവംബർ 15, 2021

**റോൾ നം:** ..................................................

**പേര്:** ....................................................................................................

**അഡ്രസ്സ്:** ....................................................................................................

....................................................................................................

....................................................................................................

....................................................................................................

**വിഷയം:** ***കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - യോഗ്യതാപരീക്ഷ സംബന്ധിച്ച്.***

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ-യോഗ്യതാ പരീക്ഷയുടെ തീയതി, സ്ഥലം, കേന്ദ്രം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു. യോഗ്യതാ പരീക്ഷയ്ക്ക് ഹാജരാകുന്നതിന് മുമ്പ് ഉദ്യോഗാർത്ഥി നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കേണ്ടതാണ്.

**ഉദ്യോഗാർത്ഥി പരീക്ഷയ്ക്ക് ഹാജരാകുമ്പോൾ സ്വയം സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിച്ച അഡ്മിറ്റ് കാർഡും, മേൽവിലാസവും ഫോട്ടോയും ഉള്ള ഗവൺമെന്റ് അംഗീകൃത തിരിച്ചറിയൽ രേഖയും കൊണ്ടുവരേണ്ടതാണ്.**

| | |
|---|---|
| **പരീക്ഷാ തീയതി, സമയം** | **നവംബർ 27, 2021 (ശനി) / രാവിലെ 11:30 മുതൽ ഉച്ചയ്ക്ക് 01:00 വരെ (90 മിനിറ്റ്)** |
| **ഹാജരാകേണ്ട സമയം** | **രാവിലെ 10:30 ന്** |
| **പരീക്ഷാ കേന്ദ്രം** | **രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി രാജഗിരി വാലി, കാക്കനാട് - 682039** |

*ഈ ഭാഗം പരീക്ഷയ്ക്കു ശേഷം ഉദ്യോഗാർത്ഥികൾ സൂക്ഷിക്കേണ്ടതാണ്*

✂--------------------------------------------------------------------------------------------------✂

# കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (SUPPLYCO)

## ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ - യോഗ്യതാ പരീക്ഷ

| | |
|---|---|
| **പരീക്ഷാ തീയതി, സമയം** | **നവംബർ 27, 2021 (ശനി) / രാവിലെ 11:30 മുതൽ ഉച്ചയ്ക്ക് 01:00 വരെ (90 മിനിറ്റ്)** |
| **ഹാജരാകേണ്ട സമയം** | **രാവിലെ 10:30 ന്** |
| **പരീക്ഷാ കേന്ദ്രം** | **രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കാക്കനാട് - 682039** |

**റോൾ നം.**

(ഉദ്യോഗാർത്ഥി സ്വയം പൂരിപ്പിക്കുക)

| | | | | |
|---|---|---|---|---|
| | | | | |

*6 മാസത്തിനുള്ളിൽ എടുത്തിട്ടുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ പതിപ്പിക്കുക*

**ഉദ്യോഗാർത്ഥിയുടെ പേരും വിലാസവും** (ഉദ്യോഗാർത്ഥി സ്വയം പൂരിപ്പിക്കുക)

....................................................................................................

....................................................................................................

....................................................................................................

....................................................................................................

**തിരിച്ചറിയൽ രേഖയുടെ വിവരങ്ങൾ** (തരവും, നമ്പറും)

....................................................................................................

**അഡ്മിറ്റ് കാർഡിൽ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള പൊതു നിർദ്ദേശങ്ങളും കോവിഡ് - 19 മാനദണ്ഡങ്ങളും എനിക്ക് ബോധ്യപ്പെട്ടുവെന്നും, അതനുസരിച്ച് ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്നും സാക്ഷ്യപ്പെടുത്തുന്നു.**

| ഉദ്യോഗാർത്ഥിയുടെ ഒപ്പ് *(ഇൻവിജിലേറ്ററുടെ സാന്നിധ്യത്തിൽ)* |
|---|
| |

ഈ ഭാഗം ഇൻവിജിലേറ്റർക്ക് കൈമാറുക

## പൊതു നിർദ്ദേശങ്ങളും കോവിഡ് – 19 മായി ബന്ധപ്പെട്ട മറ്റു മാനദണ്ഡങ്ങളും

1. കോവിഡ് –19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിരിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും ഉദ്യോഗാർത്ഥികൾ പാലിക്കേണ്ടതാണ്.
   i. ഉദ്യോഗാർത്ഥികൾ നിർബന്ധമായും മാസ്കും ഗ്ലൗസും ധരിക്കേണ്ടതാണ്. മാസ്കും ഗ്ലൗസും ധരിക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതല്ല.
   ii. പരീക്ഷാഹാളിൽ സാനിറ്റൈസർ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾ അവരവരുടേതായ ഹാൻഡ് സാനിറ്റൈസറും കരുതേണ്ടതാണ്.
   iii. ഉദ്യോഗാർത്ഥികൾ പരീക്ഷാഹാളിനകത്തും പുറത്തും സാമൂഹിക അകലം പാലിക്കേണ്ടതാണ്.
   iv. ഉദ്യോഗാർത്ഥികൾ ഹസ്തദാനം ഒഴിവാക്കേണ്ടതാണ്. പേന, പെൻസിൽ, എറൈസർ എന്നിവ കൈമാറാതിരിക്കേണ്ടതുമാണ്.
   v. പരീക്ഷാ കേന്ദ്രത്തിൽ ഉദ്യോഗാർത്ഥികൾ മാത്രമേ പ്രവേശിക്കുവാൻ പാടുള്ളൂ.
   vi. കണ്ടൈൻമെന്റ് സോൺ/ഹോട്ട്സ്പോട്ട് എന്നീ മേഖലകളിൽ നിന്നും വരുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകം ഹാൾ അനുവദിക്കുന്നതാണ്.
   vii. കണ്ടൈൻമെന്റ് സോൺ, ഹോട്ട്സ്പോട്ട്, മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും രോഗലക്ഷണമോ, ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ അവർ എത്രയും വേഗം ബന്ധപ്പെട്ട അധികാരികളെ അറിയിക്കേണ്ടതാണ്. അറിയിക്കേണ്ട ഇ–മെയിൽ അഡ്രസ്സ് **hrrecvk20@gmail.com**
2. എഴുത്തു പരീക്ഷയിൽ ഹാജരാകുന്നതുകൊണ്ടു മാത്രം നിയമനത്തിന് അർഹത ലഭിക്കുന്നതല്ല. നിയമന പ്രക്രിയയുടെ നിബന്ധനകൾക്കും, യോഗ്യതാ മാനദണ്ഡങ്ങൾക്കും അനുസൃതമായിട്ടായിരിക്കും നിയമനം നടത്തുന്നത്.
3. പരീക്ഷ കേന്ദ്രം മുൻകൂട്ടി ഉദ്യോഗാർത്ഥി മനസ്സിലാക്കിയിരിക്കേണ്ടതാണ്.
4. പരീക്ഷക്ക് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്തയോ അനുബന്ധ ചിലവുകളോ നൽകുന്നതല്ല.
5. **ഉദ്യോഗാർത്ഥികൾ ഹാജരാകേണ്ട സമയത്ത് തന്നെ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.**
6. **പരീക്ഷ തുടങ്ങിയതിനു ശേഷം ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**
7. ഉദ്യോഗാർത്ഥികൾ അഡ്മിറ്റ് കാർഡ്, തിരിച്ചറിയൽ രേഖ, **കറുപ്പ്/നീല മഷി**യുള്ള ബോൾപോയിന്റ് പേന എന്നിവ കൊണ്ടുമാത്രമേ പരീക്ഷാഹാളിൽ പ്രവേശിക്കുവാൻ പാടുള്ളൂ.

### പരീക്ഷാഹാളിൽ താഴെപ്പറയുന്നവ അനുവദിക്കുന്നതല്ല.

- പാഠപുസ്തകം, പേപ്പർ കഷ്ണങ്ങൾ, പ്ലാസ്റ്റിക് സഞ്ചികൾ, കാൽക്കുലേറ്റർ, പെൻഡ്രൈവ്, ലോഗ് പട്ടിക, തുടങ്ങിയവ.
- ഇലക്ട്രോണിക് ഉപകരണങ്ങൾ
- മൊബൈൽ ഫോൺ, ബ്ലൂടൂത്ത് തുടങ്ങിയ എല്ലാവിധ ആശയ-വിനിമയ ഉപകരണങ്ങൾ
- എല്ലാവിധ വാച്ചുകൾ.
- ഭക്ഷ്യവസ്തുക്കൾ
- പേഴസ്, ഹാൻഡ്ബാഗ് തുടങ്ങിയ വസ്തുക്കൾ

8. **പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിച്ച അഡ്മിറ്റ് കാർഡും, മേൽവിലാസവും ഫോട്ടോയും ഉള്ള ഗവണ്മെന്റ് അംഗീകൃത തിരിച്ചറിയൽ രേഖയും (പാസ്പോർട്ട്, വോട്ടേഴ്സ് ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ്, ആധാർകാർഡ്) ഹാജരാക്കാത്ത ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ ഹാളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല.**
9. **പരീക്ഷാരീതി: ഒബ്ജക്ടീവ്. തെറ്റ് ഉത്തരത്തിന് നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.**
10. ഒ.എം.ആർ. ഷീറ്റ് (ഉത്തരക്കടലാസ്) പൂരിപ്പിക്കുന്നതിനു മുൻപായി ഉദ്യോഗാർത്ഥികൾ ചോദ്യപുസ്തകത്തിലെയും ഓ.എം.ആർ. ഷീറ്റിലേയും നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കേണ്ടതാണ്. ഒ.എം.ആർ ലെ ബാർകോഡ് യാതൊരു കാരണവശാലും നശിപ്പിക്കാൻ പാടില്ല. ഒ.എം.ആർ. ഷീറ്റിൽ തന്നിരിക്കുന്ന ഭാഗത്ത് ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടേണ്ടതാണ്.
11. **പരീക്ഷാ സമയം 90 മിനിറ്റാണ്. ചോദ്യം മലയാളത്തിൽ മാത്രം.**
12. ഉദ്യോഗാർത്ഥികൾ പരീക്ഷാഹാൾ വിട്ടു പുറത്തു പോകുന്നതിനു മുൻപായി ഉത്തരക്കടലാസ് (ഒ.എം.ആർ ഷീറ്റ്), അഡ്മിറ്റ് കാർഡ് എന്നിവ ഇൻവിജിലേറ്ററെ തിരികെ ഏൽപ്പിക്കേണ്ടതാണ്. അതുവരെ ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ തന്നെ ഇരിക്കേണ്ടതാണ്.
13. പരീക്ഷാഹാളിൽ അപമര്യാദയായി പെരുമാറുകയോ പരീക്ഷയിൽ കൃത്രിമ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നതാണ്.
14. പരീക്ഷയുടെ സമയക്രമമോ, തീയതിയോ, പരീക്ഷകേന്ദ്രമോ ഒരു തരത്തിലും മാറ്റുന്നതല്ല. പരീക്ഷയ്ക്ക് ഹാജരാകാത്ത പക്ഷം ആ ഉദ്യോഗാർത്ഥിയുടെ അവസരം റദ്ദാവുന്നതാണ്.
15. ഏതെങ്കിലും രൂപത്തിൽ ക്യാൻവാസ് ചെയ്യാൻ ശ്രമിച്ചാൽ നിങ്ങളുടെ നിയമന നടപടികൾ റദ്ദാക്കുന്നതിന് കാരണമാകും.
16. **എഴുത്തുപരീക്ഷയുടെ സിലബസ്**

| ക്രമ നമ്പർ | വിഷയം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് |
|---|---|---|---|
| 1. | പൊതുവിജ്ഞാനം | 15 | 15 |
| 2. | യുക്തി പ്രാവീണ്യം | 20 | 20 |
| 3. | ലഘു ഗണിതം | 20 | 20 |
| 4. | ഇംഗ്ലീഷ് | 15 | 15 |
| 5. | ഔദ്യോഗിക പദങ്ങൾ ഉൾപ്പെടുത്തിയ മലയാളം | 15 | 15 |
| 6. | സപ്ലൈകോ ചട്ടങ്ങൾ/നടപടി ക്രമങ്ങൾ | 15 | 15 |
| | **ആകെ** | **100** | **100** |

ആത്മാർത്ഥതയോടെ,

**Sd/-**

**അംഗീകൃത മേലധികാരിയുടെ ഒപ്പ്**